**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. **261**

08.05.2017 -ൽ മറുപടിയ്ക്ക്

## കോളേജുകളുടെയും സർവ്വകലാശാലകളുടെയും പ്രവർത്തനം വിലയിരുത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി.കെ.ശശി<br>ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.എ.എം. ആരിഫ് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ-എയ്ഡഡ് മേഖലയിലുള്ള സ്വയംഭരണ കോളേജുകളുടെ ഭരണപരവും അക്കാദമികവുമായ നടത്തിപ്പിനെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വർഗ്ഗീയ/ജാതീയ ചേരിതിരിവ് ബോധപൂർവ്വം സൃഷ്ടിക്കുന്ന ശക്തികളുടെ ഇടപെടൽ തീവ്രമാക്കിയതായ റിപ്പോർട്ടുകളുടെ സാഹചര്യത്തിൽ, സ്വകാര്യ കോളേജുകൾക്ക് അക്കാദമികവും ഭരണപരവുമായ സ്വയംഭരണം നൽകുന്നത് സമൂഹതാൽപര്യത്തിന് അനുഗുണമാകാൻ ഇടയില്ലാത്തതിനാൽ, ഇത്തരം കൂടുതൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നത് അവസാനിപ്പിക്കുമോ; | (ബി) | കൂടുതൽ സ്വകാര്യ കോളേജുകൾക്ക് അക്കാദമികവും ഭരണപരവുമായ സ്വയംഭരണം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും പ്രവർത്തനം വിലയിരുത്താനായുള്ള കേരള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | നിലവിൽ കേരള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ പ്രവർത്തിക്കുന്നില്ല.. |

**സെക്ഷൻ ഓഫീസർ**